# സ്റ്റെം സെൽ ഡോണേഴ്സ് രജിസ്ട്രേഷൻ ക്യാമ്പ്

**കോതമംഗലം:** നെല്ലിമറ്റം എം ബിറ്റ്സ് എൻജിനീയറിങ് കോളേജ് എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ധാത്രി ബ്ലൈഡ് സ്റ്റെം സെൽ ഡോണേഴ്സ് രജിസ്ട്രയുടെ സഹകരണത്തോടെ സ്റ്റെം സെൽ ഡോണേഴ്സ് രജിസ്ട്രേഷൻ ക്യാമ്പ് നടത്തി.

ലുക്കീമിയ, താലസീമിയ തുടങ്ങി രക്ത സംബന്ധ മാരക രോഗമുള്ളവർക്ക് മൂലകോശ ദാനത്തിന് സന്നദ്ധരായി കോളേജിലെ 600 ഓളം വിദ്യാർഥികൾ മുന്നോട്ട് വന്നത് ശ്രദ്ധേയമായി. കോളേജ് സെക്രട്ടറി ജോൺസൺ കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. എം.എം. പൗലോസ് അധ്യക്ഷനായി. ധാത്രി ഡോണർ ഡ്രൈവ് കോ- ഓർഡിനേറ്റർ എബി. സാം ജോൺ ബോധവത്കരണ ക്ലാസ്സെടുത്തു. ചേതൻ റോയി സ്വാഗതവും പി.ഡി. ഷിബു നന്ദിയും പറഞ്ഞു.



നെല്ലിമറ്റം എംബിറ്റ്സ് എൻജിനീയറിങ് കോളേജിൽ സ്റ്റെം സെൽ ഡോണേഴ്സ് രജിസ്ട്രേഷൻ ക്യാമ്പിൽ പങ്കെടുത്ത വിദ്യാർഥികൾ